**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 861** **14-10-2026-ൽ മറുപടിയ്ക്ക്**

**വാമനപുരം ഇറിഗേഷൻ പ്രൊജക്റ്റുമായി ബന്ധപ്പെട്ട നീതിന്യായ വകുപ്പിന് ഭൂമി കൈമാറ്റം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. ആർ. അനിൽ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ പത്താംകല്ലിലുള്ള വാമനപുരം ഇറിഗേഷൻ പ്രോജക്റ്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് നീതിന്യായ വകുപ്പിന് 75 സെന്റ് ഭൂമി വിട്ടുനൽകാൻ 09.02.2026-ലെ സ.ഉ.(സാധാ)നം. 136/2026/WRD ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി നീതിന്യായ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** വാമനപുരം ജലസേചന പദ്ധതിയുടെ കൈവശമുള്ള 12 ഏക്കർ സ്ഥലത്തു നിന്നും ജലവിഭവ വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ഉചിതമായ 75 സെന്റ് സ്ഥലം ഉടമസ്ഥാവകാശം ജലവിഭവവകുപ്പിൽ നിലനിർത്തിക്കൊണ്ടാണ് 09.02.2026 -ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് (Dealt in file No.IR1/118/2021/WRD). നിലവിൽ പ്രസ്തുത ഭൂമി നീതിന്യായ വകുപ്പിന് കൈമാറിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരം ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നീതിന്യായ വകുപ്പിന് കെട്ടിട നിർമ്മാണം നടത്താവുന്നതാണ്. കെട്ടിട നിർമ്മാണാവശ്യങ്ങൾക്കായി മേൽ സൂചിപ്പിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം ആവശ്യമില്ല. പകരം എൻ.ഒ.സി. മാത്രം മതിയാകും. പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് തിരുവനന്തപുരം സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**(ബി)** ഇല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടും പ്രസ്തുത ഭൂമി കൈമാറ്റം വൈകുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** വാമനപുരം ജലസേചന പദ്ധതിയുടെ കൈവശമുള്ള 12 ഏക്കർ സ്ഥലത്തു നിന്നും ജലവിഭവ വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ഉചിതമായ 75 സെന്റ് സ്ഥലം ഉടമസ്ഥാവകാശം ജലവിഭവവകുപ്പിൽ നിലനിർത്തിക്കൊണ്ടാണ് 09.02.2026 -ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് (Dealt in file No.IR1/118/2021/WRD). നിലവിൽ പ്രസ്തുത ഭൂമി നീതിന്യായ വകുപ്പിന് കൈമാറിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരം ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നീതിന്യായ വകുപ്പിന് കെട്ടിട നിർമ്മാണം നടത്താവുന്നതാണ്. കെട്ടിട നിർമ്മാണാവശ്യങ്ങൾക്കായി മേൽ സൂചിപ്പിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം ആവശ്യമില്ല. പകരം എൻ.ഒ.സി. മാത്രം മതിയാകും.

പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് തിരുവനന്തപുരം സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**(സി)** പ്രസ്തുത ഭൂമി നീതിന്യായ വകുപ്പിന് ഇനി എന്ന് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കാൻ എന്തെല്ലാം ഘട്ടങ്ങളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** വാമനപുരം ജലസേചന പദ്ധതിയുടെ കൈവശമുള്ള 12 ഏക്കർ സ്ഥലത്തു നിന്നും ജലവിഭവ വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത രീതിയിൽ ഉചിതമായ 75 സെന്റ് സ്ഥലം ഉടമസ്ഥാവകാശം ജലവിഭവവകുപ്പിൽ നിലനിർത്തിക്കൊണ്ടാണ് 09.02.2026 -ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് (Dealt in file No.IR1/118/2021/WRD). നിലവിൽ പ്രസ്തുത ഭൂമി നീതിന്യായ വകുപ്പിന് കൈമാറിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരം ഉടമസ്ഥാവകാശം ജലവിഭവ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നീതിന്യായ വകുപ്പിന് കെട്ടിട നിർമ്മാണം നടത്താവുന്നതാണ്. കെട്ടിട നിർമ്മാണാവശ്യങ്ങൾക്കായി മേൽ സൂചിപ്പിച്ച ഭൂമിയുടെ ഉടമസ്ഥാവകാശം ആവശ്യമില്ല. പകരം എൻ.ഒ.സി. മാത്രം മതിയാകും. പ്രസ്തുത സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിന് തിരുവനന്തപുരം സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**